പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1473 16-10-2026-ൽ മറുപടിയ്ക്ക്

പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് ഷിയാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം മേഖലയിലുള്ള പതിമൂന്ന് പാടശേഖരങ്ങളിൽ നിലവിൽ ആറ് എണ്ണത്തിൽ മാത്രമാണ് പൊക്കാളി കൃഷി നടക്കുന്നതെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന പാടശേഖരങ്ങളിൽക്കൂടി പൊക്കാളി കൃഷി പുനരാരംഭിക്കുന്നതിനും കർഷകരെ തിരികെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: ചെല്ലാനം പഞ്ചായത്തിൽ തരിശായി കിടക്കുന്ന പൊക്കാളി കൃഷി ഭൂമികളിൽ കൃഷി പുനരാരംഭിക്കുന്നതിന് എല്ലാ പാടശേഖര സമിതികളെയും വിളിച്ചു കൂട്ടി കൃഷി ഭവനിലും പഞ്ചായത്തിലുമായി യോഗം ചേർന്ന് പൊക്കാളി കൃഷിയുടെ പ്രാധാന്യത്തെ പറ്റി എല്ലാ കർഷകരെയും ബോധവൽക്കരണം ചെയ്തിട്ടുളളതാണ്. അതോടൊപ്പം നടപ്പു സാമ്പത്തിക വർഷം പൊക്കാളി കൃഷി ചെയ്ത കർഷകർക്ക് കൃഷി വകുപ്പിന്റെ സ്പെഷ്യാലിറ്റി റൈസ്, കൂടാതെ പഞ്ചായത്ത് ജനകിയാസൂത്രണം പദ്ധതികൾ വഴി നെൽകൃഷിക്കുളള കൂലി ചെലവ് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) പൊക്കാളി കൃഷി അവലോകനത്തിനായി എറണാകുളം ജില്ലാ കളക്ടർ ചെയർപേഴ്സണും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കൺവീനറുമായിട്ടുള്ള പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി കഴിഞ്ഞ മൂന്ന് മാസങ്ങളിലായി ചേർന്ന യോഗങ്ങളിൽ കൊച്ചി മണ്ഡലത്തിലെ കൃഷി ഉന്നമനത്തിനായി കൈക്കൊണ്ട പ്രധാന തീരുമാനങ്ങളും അവയുടെ നടപ്പാക്കൽ പുരോഗതിയും വ്യക്തമാക്കാമോ;

മറുപടി: പൊക്കാളി നിലവികസന ഏജൻസിയുടെ കഴിഞ്ഞ മൂന്നു മാസത്തെ യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പൊക്കാളി പാടങ്ങളിൽ നെൽകൃഷിക്ക് ശേഷം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിലുള്ള കയാക്കിങ്, പാടവരമ്പത്ത് ഒരുക്കാൻ സാധിക്കുന്ന വിധത്തിലുള്ള നാടൻ പലഹാരങ്ങൾ വിൽക്കുന്ന ചെറിയ കടകൾ എന്നിവയ്ക്ക് സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബഹുരാഷ്ട്ര കമ്പനികൾ തുടങ്ങിയവരുടെ CSR ഫണ്ട് ലഭ്യമാക്കിക്കൊണ്ട് ഫാം ടൂറിസം പോലുള്ള പദ്ധതികൾ വികസിപ്പിക്കുന്നതിന് പി.എൽ.ഡി.എ കമ്മിറ്റിയിൽ തീരുമാനിക്കുകയും എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി ചെയ്യുന്ന അഞ്ചു ബ്ലോക്കുകളിലെ കൃഷി ഭവനുകളിൽ നിന്നും പ്രൊജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.**

2. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പൊക്കാളിയുടെ മാർക്കറ്റിംഗ് മെച്ചപ്പെടുത്തുന്നതിനായി FPO (Farmer Producer Organisation)-യുടെ മീറ്റിംഗ് ചേരുന്നതിനും മാർക്കറ്റിംഗിന് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും 09.09.2026 തീയതിയിൽ ചേർന്ന പി.എൽ.ഡി.എ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം കൊച്ചി മണ്ഡലവും ഉൾപ്പെടുന്നതാണ്.

4. ചെല്ലാനം മുറവക്കാട് പാടശേഖരത്തിൽ മെയ് 14-ന് ഉണ്ടായ കാറ്റിലും മഴയിലും പാടശേഖര ഓഫീസിന്റെയും, മോട്ടോർ ഷെഡിന്റെയും മേൽക്കൂര തകർന്നതിന് സഹായം ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസ് മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് ചെല്ലാനം കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്

(സി) കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ ഒരു നെല്ലും ഒരു മീനും പദ്ധതിയുടെ ഭാഗമായി പാടങ്ങൾ ഉണക്കി കൃഷിയോഗ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ തീയതി (ഏപ്രിൽ 15) കൃഷിയിറക്കാൻ കാലതാമസം വരുത്തുന്നുവെന്ന കർഷകരുടെ പരാതി പരിഗണിച്ച് വരും സീസണിൽ പ്രസ്തുത തീയതി ഏപ്രിൽ ആദ്യവാരത്തിലേക്ക് പുനഃക്രമീകരിക്കുന്നത് പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് സമർപ്പിക്കാൻ തയ്യാറാകുമോ;

<u>മറുപടി:</u> പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടുത്ത യോഗ അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളിലെ സമഗ്ര കാർഷിക പുരോഗതി ലക്ഷ്യമിട്ട് പുറപ്പെടുവിച്ച സുസ്ഥിര കാർഷിക ഗ്രാമം പദ്ധതിക്ക് [സ.ഉ.(എം.എസ്.) നം. 110/2012/കൃഷി] ഫണ്ട് അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുരസമുള്ള മണ്ണിലെ കൃഷി രീതികൾ പ്രത്യേകിച്ച് (പൊക്കാളി നെൽകൃഷി), അനുബന്ധ കാർഷിക മേഖലകളുടെ സംരക്ഷണം, വികസനം എന്നിവ മുഖേന സമഗ്ര കാർഷിക പുരോഗതി കൈവരിക്കുക എന്നതായിരുന്നു 'സുസ്ഥിര കാർഷിക ഗ്രാമം പദ്ധതി'-യുടെ ലക്ഷ്യം. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അപര്യാപ്തത മൂലം മേൽ കാലയളവിൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കാലാനുസൃതമായി പദ്ധതി പരിഷ്കരിച്ച് ആയതിനുള്ള വിഭവ സ്രോതസ്സുകൾ കണ്ടെത്തി അനുബന്ധ വകുപ്പുകളുമായി സഹകരിച്ച് മാത്രമേ നിലവിലെ സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ

(ഇ) കൊച്ചി മണ്ഡലത്തിൽ പൊക്കാളി കൃഷി ചെയ്യുന്ന കർഷകർക്ക് കൃത്യസമയത്ത് ഗുണമേന്മയുള്ള പൊക്കാളി വിത്തുകൾ, ആവശ്യമായ സബ്സിഡികൾ, കാർഷിക യന്ത്രസാമഗ്രികൾ എന്നിവ കൃഷിഭവനുകൾ മുഖേന ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മറുപടി: കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണം 2026-27 പദ്ധതിയിൽ ഉൾപ്പെടുത്തി പൊക്കാളി കർഷകർക്ക് പൊക്കാളി വിത്തു വിതരണം പദ്ധതി മുഖേന 80,000/-രൂപ വകയിരുത്തുകയും ആയതു പ്രകാരം 10 ഹെക്ടർ വിസ്തൃതിയിൽ പൊക്കാളി കൃഷി ചെയ്യുന്നതിനായി സൗജന്യമായി 760 കി.ഗ്രാം പൊക്കാളി വിത്തു വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ പൊക്കാളി കൃഷി ചെയ്യുന്ന കർഷകർക്ക് കൂലി ചിലവിനത്തിൽ സബ്സിഡി നൽകുന്നതിനായി സംയോജിത പദ്ധതിയായി സമഗ്ര പൊക്കാളി കൃഷി വികസനം എന്ന പദ്ധതിയിൽ 3,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഹെക്ടറിന് 32,000/-രൂപ നിരക്കിൽ ആനുകൂല്യം കർഷകർക്ക് സബ്സീഡിയായി നൽകുന്നതിനും കൃഷി വകുപ്പ് മുഖേന സ്പെഷ്യാലിറ്റി റൈസ് എന്ന പദ്ധതി പ്രകാരം പൊക്കാളി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 10,000/-രൂപ ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ചെല്ലാനം ഗ്രാമപഞ്ചായത്ത് 2026-27 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണം പദ്ധയിൽ ഉൾപ്പെടുത്തി പൊക്കാളി കൃഷി ചെയ്യ കർഷകർക്ക് പൊക്കാളി കൃഷി വികസനം എന്ന പദ്ധതിയിൽ നെൽകൃഷിക്കുള്ള കൂലി ചെലവ് അനുവദിക്കുന്നതാണ്. ഹെക്ടറിന് 32,000/-രൂപ എന്ന നിരക്കിൽ ആനുകൂല്യം കർഷകർക്ക് സബ്സിഡിയായി നൽകുന്നതിനും അതോടൊപ്പം കൃഷി വകുപ്പ് മുഖേന സ്പെഷ്യാലിറ്റി റൈസ് എന്ന പദ്ധതി പ്രകാരം പൊക്കാളി കൃഷി ചെയ്യ കർഷകർക്ക് ഹെക്ടറിന് 10,000/-രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ